ഭരണഭാഷ-മാതൃഭാഷ


# ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് ആഫീസ്
## ശാസ്താംകോട്ട

ഫോൺ : 0476-2912136

ഇ. മെയിൽ : secretary.skt.gp@gmail.com


എസ്.സി.1– 3419593/2026 തീയതി: 26/05/2026

## തെരുവ് വിളക്ക് മെയിന്റനൻസ് ടെണ്ടർ നോട്ടീസ്

ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതിയുടെ ഭാഗമായി ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തോ പുതിയവ മാറ്റി സ്ഥാപിച്ചോ തെരുവ് വിളക്കുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പ്രവൃത്തി ചെയ്യാൻ സന്നദ്ധരായവരും കെ.എസ്.ഇ.ബി പൊതുമരാമത്ത് അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. പഞ്ചായത്ത് വിതരണം ചെയ്യുന്ന തെരുവ് വിളക്ക് സാധന സാമഗ്രികൾ ഉപയോഗിച്ച് തെരുവ് വിളക്ക് റിപ്പയർ / ഇൻസ്റ്റാൾ ചെയ്യുന്നതിനു പോൾ/ പോസ്റ്റ് ഒന്നിനു ആവശ്യമായ തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.ടെണ്ടറിൽ രേഖപ്പെടുത്തുന്ന തുക സർക്കാർ ഉത്തരവ് പ്രകാരമുള്ള പരമാവധി നിരക്കിൽ അധികരിക്കാൻ പാടുള്ളതല്ല.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ടെണ്ടർ ഫോറം(രൂപ) | ഇ.എം.ഡി (രൂപ) |
|---|---|---|---|---|---|
| സെക്രട്ടറി | 12 | തെരുവ് വിളക്ക് മെയിന്റനൻസ് തൊഴിലാളികൾക്ക് വേതനം | 300000 രൂപ | 500+ ജി.എസ്.ടി | 7500 രൂപ |

ടെണ്ടർ ഫോറം സമർപ്പിക്കേണ്ട ഓഫീസ് - ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് ഓഫീസ്

ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന തീയതി, സമയം – 08/06/2026 12 P.M

ടെണ്ടർ സമർപ്പിക്കേണ്ട തീയതി, സമയം – 08/06/2026 3 P.M

ടെണ്ടറുകൾ തുറക്കുന്ന തീയതി, സമയം - 08/06/2026 4 P.M

നിബന്ധനകൾ

1. ടെണ്ടറുകൾ പ്രോജക്ടിന്റെ നമ്പർ , പേര് എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ് .

2. ടെണ്ടറിനോടൊപ്പം നിരതദ്രവ്യം അടവാക്കിയ രേഖ, 200 രൂപ മുദ്ര പത്രത്തിൽ പ്രാഥമിക കരാർ ഉടമ്പടി, അംഗീകൃത ഇലക്ട്രിക്കൽ ലൈസൻസിന്റെ (കരാറുകാരന് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്.) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പാൻകാർഡ് , ആധാർ കാർഡ് എന്നിവ സമർപ്പിക്കേണ്ടതാണ്.

3. സമയബന്ധിതമായി ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

4. എന്തെങ്കിലും കാരണവശാൽ ടെണ്ടറുകൾ തുറക്കുന്ന ദിവസം സർക്കാർ പൊതു അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത ദിവസം അതേ സമയത്ത് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതാണ്.

5. യാതൊരു കാരണവും കൂടാതെ അംഗീകരിക്കുന്നതിനോ, നിരസിക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

6. ടെണ്ടർ സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം അന്തിമമായിരിക്കും.

7. നിശ്ചിത യോഗ്യതയുള്ള കരാറുകാർ മാത്രം ടെണ്ടറിൽ പങ്കെടുക്കേണ്ടതും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ടെണ്ടറിൽ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

8. തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ 200 രൂപ മുദ്രപ്രതത്തിൽ കരാർ ഉടമ്പടി വെക്കേണ്ടതും സെക്യൂരിറ്റി ഡെപ്പോസിറ്റായി 5 ശതമാനം തുക അടവാക്കേണ്ടതുമാണ്.

9. കരാറുകാരന്റെ കീഴിൽജോലി ചെയ്യുന്ന തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ എടുക്കേണ്ടതാണ്.

10. ഇലക്ട്രിക്കൽ ലൈസൻസുള്ള സൂപ്പർ വൈസറുടെ കീഴിൽ ഇലക്ട്രിക്കൽ ലൈസൻസുള്ള തൊഴിലാളികൾ മാത്രമേ തെരുവ് വിളക്ക് റിപ്പയറിംഗ് പ്രവൃത്തി ചെയ്യാൻ പാടുള്ളൂ.

11. അറ്റകുറ്റപണികൾ കെ.എസ്.ഇ.ബി യുടെ മാനദണ്ഡപ്രകാരം മതിയായ സുരക്ഷാ സംവിധാനങ്ങൾ സ്വീകരിച്ച് നിർവ്വഹിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉണ്ടാകുന്ന അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

12. റിപ്പയർ സമയത്ത് മാറുന്ന തെരുവ് വിളക്ക് സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

13. റിപ്പയറിംഗിന് ആവശ്യമാകുന്ന തെരുവ് വിളക്ക് ഉപകരണങ്ങൾ പഞ്ചായത്തിൽ നിന്നും രേഖാമൂലം കൈപ്പറ്റണം.

14. തെരുവ് വിളക്ക് റിപ്പയറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ (പണി ആയുധങ്ങൾ വാഹനം,ഏണി മുതലായവ) കരാറുകാരൻ സ്വന്തം ഉത്തരവാദിത്തത്തിൽ ഒരുക്കേണ്ടതാണ്.

15.ടെണ്ടർ സംബന്ധമായ വിശദവിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

OFFICE OF THE SASTHAMCOTTA GRAMA PANCHAYAT
KOLLAM Dist.
Pin - 690 521
Sasthamcotta

SEEMA K
PEN : 830322
SECRETARY
Sasthamcotta Gramapanchayat